**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 420** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിയുടെ നിലവിലെ ബാധ്യത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. സിദ്ദീഖ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. ടി. സിദ്ദീഖ് (മുഖ്യമന്ത്രി)

**(എ)** കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിയുടെ നിലവിലെ ബാധ്യത എത്രയാണെന്ന് ഇനം തിരിച്ച നൽകാമോ;

**<u>മറുപടി:</u>** കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി., പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എഫ്.സി. എന്നിവിടങ്ങളിൽ നിന്ന് യഥാക്രമം 3140.69 കോടി രൂപ, 1000 കോടി രൂപ, 7623.82 കോടി രൂപ, 2000 കോടി രൂപ, 1000 കോടി രൂപ എന്നിങ്ങനെയാണ് കെ.എസ്.എസ്.പി.എൽ -ന്റെ നിലവിലെ വായ്പാ ബാധ്യത.

**(ബി)** കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിക്ക് സർക്കാർ എത്ര കോടി രൂപ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നടപ്പ് സാമ്പത്തിക വർഷം കമ്പനിയുടെ ബജറ്റ് വിഹിതമായ 13,340 കോടി രൂപയിൽ നിന്ന് നാളിതുവരെ 10,000 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**